LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

217 (1636) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ വിഭജനം ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദമാക്കാമോ ;

(സി) പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ 70 ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനായി 25-1-2015-ലെ ഇഎം3/13(1)/2014/തസ്വഭവ നമ്പർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ലഭിച്ച പരാതികളും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച വ്യക്തികളെ നേരിൽ കേൾക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.

ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി

218 (1637) ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്ന സൗകര്യങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഐ.എസ്.ഒ. നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?